<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3141** **04-08-2021 - ൽ മറുപടിയ്ക്ക്**

**മരംകൊള്ള കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മരംകൊള്ള കേസുകൾ പൂർണമായും ഒഴിവാക്കാൻ തീരുമാനമായെന്ന വാർത്ത ശരിയാണോയെന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | മരംമുറിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നുവെന്നും ആരൊക്കെയായിരുന്നു പ്രതികൾ എന്നും വ്യക്തമാക്കാമോ; | (ബി) | ക്രൈംബ്രാഞ്ച്, ഒരു കേസും വിവിധ പോലീസ് സ്റ്റേഷനുകളിൽ 13 കേസുകളും വനംവകുപ്പിൽ 570 ഒ.ആർ (Occurrence Report) കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ടവർ, ഭൂവുടമകൾ, മരംമുറിയുമായി ബന്ധപ്പെട്ട കച്ചവടക്കാർ, എന്നിവർക്കെതിരെയാണ് പ്രധാനമായും കേസെടുത്തിട്ടുള്ളത് |
| (സി) | മരംകൊള്ളയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളതെന്നും പ്രസ്തുത തുക ആരിൽ നിന്ന് ഈടാക്കുമെന്നും വ്യക്തമാക്കാമോ; | (സി) | ഇതു സംബന്ധിച്ച് കേസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ. |
| (ഡി) | പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എൻ.ടി.സാജനെ സസ്പെൻഡ് ചെയ്യണമെന്ന വനം മേധാവിയുടെ ശുപാർശ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ശ്രീ.എൻ.ടി സാജനെതിരെയുള്ള കുറ്റം എന്താണെന്നും ഇദ്ദേഹത്തിന്റെ ക്രമവിരുദ്ധ നടപടികൾ മുൻപ് എപ്പൊഴെങ്കിലും വിജിലൻസ് കണ്ടെത്തിയിരുന്നോ എന്നും വ്യക്തമാക്കാമോ; എങ്കിൽ ഏത് ജില്ലയിൽ ജോലി ചെയ്യുമ്പോഴായിരുന്നു വിജിലൻസിന്റെ കണ്ടെത്തലെന്ന് അറിയിക്കാമോ? | (ഇ) | ശ്രീ.എൻ.ടി. സാജൻ, കോഴിക്കോട് ജില്ലയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിമ്പർ സെയിൽസ്) ആയി ജോലി നോക്കിയിരുന്ന കാലയളവിൽ ടിയാനെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് V.C.5/2015-ാം നമ്പർ കേസിൽ Further Action Dropped ആയി സമർപ്പിച്ച അന്തിമ റിപ്പോർട്ട് ബഹു.കോടതി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ